## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 199

28.05.2019 ൽ

മറുപടിയ്ക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് എയ്ഡ് പോസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ആൻസലൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിരിക്കുന്ന പോലീസ് എയ്ഡ് പോസ്റ്റിൽ സ്ഥിരമായി പോലീസിനെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഓരോ മാസവും എത്ര ദിവസമാണ് പോലീസിന്റെ സേവനം ലഭിക്കുന്നതെന്ന് വിശദീകരിക്കാമോ; | (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റിൽ എല്ലാ ദിവസവും ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്. |
| (ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ മൊബൈൽ മോഷണവുമായി ബന്ധപ്പെട്ട് 2019 ജനുവരി 25-ന് സൂപ്രണ്ട് നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) മൊബൈൽ മോഷണവുമായി ബന്ധപ്പെട്ട് ആശുപത്രി സൂപ്രണ്ടിൽ നിന്നും പരാതി പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല. 24.01.2019 തീയതി സെയ്ദാലി, പ്ലാവിളാകത്തുവീട്, വടക്കേവിള, ബാലരാമപുരം എന്ന ആൾ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ടിയാന്റെ ബന്ധു റംലാബീവിയുടെ മൊബൈലും മറ്റു ചില റെക്കാഡുകളും നഷ്ടപ്പെട്ടതായി കാണിച്ച് പരാതി നൽകിയിട്ടുള്ളതും ആയത് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ മൊബൈൽ മോഷണവുമായി ബന്ധപ്പെട്ട് ആശുപത്രിയിലെ സി.സി.ടി.വി. ദൃശ്യങ്ങളിൽ ലഭിച്ച പ്രതിയുടെ വിവരം നെയ്യാറ്റിൻകര പോലീസിന് ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (സി) സെയ്ദാലി നൽകിയ പരാതിയുടെ അന്വേഷണവുമായി ബന്ധപ്പെട്ട് ആശുപത്രിയിലെ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ച് സംശയാസ്പദമായി കാണപ്പെട്ട വ്യക്തിയെപ്പറ്റി അന്വേഷണം നടത്തിയതിൽ തിരിച്ചറിയാൻ സാധിച്ചിട്ടില്ലാത്തതും അന്വേഷണം തുടർന്ന് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ